**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.379 17.10.2011 ൽ മറുപടിക്ക്

# സ്വകാര്യബസ്സുകളുടെ അനധികൃത സർവ്വീസുകൾ

**ചോദ്യം**

ശ്രീ. കെ.രാധാകൃഷ്ണൻ
ശ്രീ.എളമരം കരീം
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
പ്രൊഫ.സി.രവീന്ദ്രനാഥ്

(എ) സംസ്ഥാനത്തെ സ്വകാര്യ ബസ്സുകൾക്ക് സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ എന്ന നിലകളിൽ സർവ്വീസ് നടത്തുന്നതിന് സർക്കാർ മാനദണ്ഡം നിശ്ചയിച്ച് അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

**ഉത്തരം**

ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

എ) 1989 ലെ കേരള മോട്ടോർ വാഹന ചട്ടം 2(ഇ.എ) അനുസരിച്ച് ഫ്ലീറ്റ് ഓണറാൽ നടത്തപ്പെടുന്നതും ഒരു റൂട്ടിൽ പരിമിത സ്റ്റോപ്പുകൾ ഉള്ളതും 70 കിലോമീറ്ററിനും 160 കിലോമീറ്ററിനും ഇടയിൽ സർവ്വീസ് നടത്തുന്നതുമായ സ്റ്റേജ് ക്യാരേജുകളാണ് ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് എന്നറിയപ്പെടുന്നത്. 1989 ലെ കേരള മോട്ടോർ വാഹന ചട്ടം 2(യു.സി.) പ്രകാരം ഫ്ലീറ്റ് ഓണറാൽ ഓപ്പറേറ്റ് ചെയ്യപ്പെടുന്നതും 150 കിലോമീറ്ററിനും 450 കിലോമീറ്ററിനും ഇടയിൽ സർവ്വീസ് നടത്തുന്നതുമായ സ്റ്റേജ് ക്യാരേജുകളെയാണ് സൂപ്പർ ഫാസ്റ്റ് സർവ്വീസ് എന്നു പറയുന്നത്. 1989 ലെ കേരള മോട്ടോർ വാഹന ചട്ടം 283 പ്രകാരം സൂപ്പർ ഫാസ്റ്റ് സർവ്വീസിനായി ഓപ്പറേറ്റ് ചെയ്യുന്ന സ്റ്റേജ് ക്യാരേജുകളിൽ 3 x 2 ക്രമത്തിൽ 75 സെ.മീ. ൽ കുറയാത്ത ബാക്ക് ടു ബാക്ക് സ്പെയിസ്, ഫുട്ട് റെസ്റ്റ്, ഹെഡ് റെസ്റ്റ് എന്നിവയോടു കൂടിയ ഫോം കുഷ്യൻ സീറ്റുകളുണ്ടായിരിക്കേണ്ടതാണ്. 1989 ലെ കേരള മോട്ടോർ വാഹന ചട്ടം 260 (എ) പ്രകാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സ്റ്റേജ് ക്യാരേജുകൾ ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്, സൂപ്പർ ഫാസ്റ്റ് സർവ്വീസ്, ലക്ഷ്വറി സർവ്വീസ്, സൂപ്പർ ഡീലക്സ് സർവ്വീസ് അല്ലെങ്കിൽ സൂപ്പർ എക്സ്പ്രസ്സ് സർവ്വീസ് ആയി ഓപ്പറേറ്റു ചെയ്യുവാൻ പാടുള്ളതല്ല.

നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ഫാസ്റ്റ്

പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് തുടങ്ങിയ ക്ലാസ്സുകളായി സർവ്വീസ് നടത്തുന്നതിനുള്ള അധികാരം ഫ്ലീറ്റ് ഓണർക്ക് മാത്രമാണുള്ളത്. എന്നാൽ 1591/1997 എന്ന റിട്ട് അപ്പീലിൽ കേരള ഹൈക്കോടതി ഫ്ലീറ്റ് ഓണർ എന്ന പദത്തിന് ഇൻഡ്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 14 ന് വിരുദ്ധമല്ലാത്ത രീതിയിൽ യുക്തിസഹമായ ഒരു നിർവചനം നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ ഫ്ലീറ്റ് ഓണർ എന്ന പദത്തിന്റെ നിർവചനത്തിന് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ സൂപ്പർ ഫാസ്റ്റ് സർവ്വീസിനുള്ള പെർമിറ്റ് ഏതൊരു വ്യക്തിക്കും ലഭിക്കുന്നതാണ്.

| | |
|---|---|
| (ബി) ഇക്കാര്യത്തിൽ മുൻസർക്കാരിന്റെ നയം വിലയിരുത്തിയിട്ടുണ്ടോ ; | ബി) വിലയിരുത്തിയിട്ടില്ല |
| (സി) സ്വകാര്യബസ്സുകൾ അനധികൃതമായി സൂപ്പർഫാസ്റ്റും ഫാസ്റ്റ് പാസഞ്ചറുമായി സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) ഇത്തരത്തിൽ സ്വകാര്യബസ്സുകൾ സർവ്വീസ് നടത്തുന്നതുമൂലം വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം ലഭ്യമാകാത്ത സാഹചര്യം മനസ്സിലാക്കിയിട്ടുണ്ടോ ? | ഡി) മനസ്സിലാക്കിയിട്ടുണ്ട്. അതിനാൽ നിലവിലുള്ള ഓർഡിനറി സർവ്വീസുകൾ, നിലനിറുത്തുന്നതിനായി കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 2(ഒ.എ) ഭേദഗതി ചെയ്യുന്നതിനുള്ള കരട് ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ